# അലോപ്പതിയുടെ തെറ്റുകൾ ആയുർവേദം ആവർത്തിക്കരുതേ: ഡോ. സഫറുള്ള ചൗധരി

**എറണാകുളം ബ്യൂറോ**



കൊച്ചി: "ആരോഗ്യരംഗത്ത് മൂലധനമോ നിക്ഷേപമോ അല്ല പ്രധാനം; നിലപാടുകളാണ്. ജനങ്ങളുടെ സജീവ പങ്കാളിത്തം ഉണ്ടെങ്കിൽ ശ്രദ്ധേയമായ മാറ്റങ്ങൾ സാധ്യമാണ്"- ബംഗ്ലാദേശിലെ ജനാരോഗ്യപ്രവർത്തകനും പങ്കാളിത്ത ആരോഗ്യസംവിധാനത്തിന്റെ വക്താവുമായ ഡോ. സഫറുള്ള ചൗധരിയുടെ വാക്കുകൾ.

നവംബർ 1 മുതൽ 4 വരെ സംഘടിപ്പിക്കപ്പെട്ട ലോക ആയുർവേദ കോൺഗ്രസ്സിൽ പങ്കെടുക്കാൻ കൊച്ചിയിൽ എത്തിയതായിരുന്നു അദ്ദേഹം.

അലോപ്പതി ചെയ്തു കൂട്ടിയ തെറ്റുകൾ ആയുർവേദം ആവർത്തിക്കാനിടവരരുത് എന്ന് ചൗധരി സൂചിപ്പിച്ചു. "പരമ്പരാഗത ചികിത്സാ പദ്ധതികൾക്ക് ധാർമ്മികതയും മാനുഷികമൂല്യങ്ങളുമുണ്ട്. ആയുർവേദം അത്തരത്തിലുള്ളതാണ്. അതിനെ ഒരു ചരക്കായി മാത്രം കാണരുത്. കയറ്റുമതി ചെയ്യുന്നതിനു മുമ്പ് അതിന്റെ ഗുണങ്ങൾ ഇവിടെ ഉപയുക്തമാക്കുകയാണ് വേണ്ടത്."- അദ്ദേഹം ചൂണ്ടിക്കാണിച്ചു.

മരുന്നുകളുടെ ദുസ്സ്വാധീനം ആധുനിക ചികിത്സയെ ദുഷിപ്പിച്ചുകൊണ്ടിരിക്കുകയാണ്. പ്രകൃതിവിഭവങ്ങൾ ഭൂരിപക്ഷം ജനങ്ങൾക്കും അപ്രാപ്യമാകുന്നു. ഇത് പരമ്പരാഗത ചികിത്സാപദ്ധതികളെ തകർക്കും. പൊതുജനങ്ങൾക്ക് തങ്ങളുടെ ചുറ്റുമുള്ള സസ്യങ്ങളെക്കുറിച്ചുള്ള അറിവ് പകരണം. ഇത്തരത്തിലുള്ള ബഹുജനവിദ്യാഭ്യാസമാണ് ഇന്ന് ആവശ്യം- സഫറുള്ള ചൗധരി അഭിപ്രായപ്പെട്ടു.

ആയുർവേദം എന്നത് ആത്മാവുള്ള ശാസ്ത്രമാണ്. അത് ഹിന്ദു തത്വശാസ്ത്രമല്ല; മറിച്ച് പലതിന്റെ സമന്വയമായ ഭാരതീയ തത്വമാണ്. കച്ചവടം ചെയ്യുമ്പോഴും ആയുർവേദത്തിന്റെ ആത്മാവും തത്വങ്ങളും കൈമോശം വരാതിരിക്കാൻ ശ്രദ്ധിക്കണം. മരുന്നുല്പാദനത്തിനേയും വിപണനത്തിനേയും നിയന്ത്രിക്കേണ്ടത് അനിവാര്യമാണ്. ആയുർവേദമരുന്നുകളുടെ

(ശേഷം പേജ് 5)

# തെറ്റുകൾ ആയുർവേദം ആവർത്തിക്കരുതേ...

ഒന്നാംപേജിൽനിന്ന് തുടർച്ച

വിലവർദ്ധനവ് കച്ചവടവല്ക്കരണത്തിന്റെ ഫലമായുണ്ടായതാണ്- അദ്ദേഹം സൂചിപ്പിക്കുന്നു.

ബംഗ്ലാദേശിലെ ഡോക്ടർമാരുടേയും ആരോഗ്യപ്രവർത്തകരുടേയും പൊതുജനങ്ങളുടേയും കൂട്ടായ്മയായ ഗോണോഷസ്ഥായ കേന്ദ്രത്തിന്റെ കോ- ഓഡിനേറ്ററാണ് മാഗ്സസെ അവാർഡ് ജേതാവായ ഡോ. സഫറുള്ള ചൗധരി. അടിസ്ഥാന ജനവിഭാഗക്കാർക്ക് ചുരുങ്ങിയ ചെലവിൽ വൈദ്യസഹായം എത്തിക്കുന്നതിന് വികസ്വരരാജ്യങ്ങൾക്കെല്ലാം മാതൃകയായിട്ടാണ് ഈ പ്രസ്ഥാനത്തെ കണക്കാക്കുന്നത്. ബഹുരാഷ്ട്ര മരുന്നു കുത്തകകൾക്കെതിരെയുള്ള സുശക്തമായ പ്രസ്ഥാനമാണിത്. നാട്ടറിവുകളും നാടൻ ചികിത്സാ പദ്ധതികളും പരിപോഷിപ്പിക്കാൻ ഇവർ മുൻകയ്യെടുക്കുന്നു. രണ്ടു വർഷം മുമ്പ് ധാക്കയിൽ നടന്ന ജനാരോഗ്യസഭയ്ക്ക് ആതിഥേയത്വം വഹിച്ചത് ഈ പ്രസ്ഥാനമായിരുന്നു.